"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ, ശ്രീമതി ത്രേസ്യാമ്മ കെ. പി. യുടെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3989/2026/GEDN തീയതി,തിരുവനന്തപുരം, 17-06-2026

പരാമർശം:-

1. കോർപ്പറേറ്റ് മാനേജർ 20.12.2025 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.02.2026 തീയതിയിലെ ഇസി1/1683/2026/ഡിജിഇ നമ്പർ റിപ്പോർട്ട്.
3. ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12.02.2026 തീയതിയിലെ ഡിഇഒസിറ്റിഎൽ/220/2026-ബി4 നമ്പർ റിപ്പോർട്ട്.
4. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 13.02.2026 തീയതിയിലെ ഡിഡിഇഎൽപി/483/2026-ബി1 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ, ശ്രീമതി ത്രേസ്യാമ്മ കെ. പി. യുടെ 03.06.2024 മുതലുള്ള നിയമനം അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കോർപ്പറേറ്റ് മാനേജർ പരാമർശം 1 പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചു.

2. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആലപ്പുഴ ചേർത്തല സെന്റ് മേരീസ് ഗേൾസ് എച്ച്.എസ് ലെ എഫ്.ടി.എം. ആയിരുന്ന ശ്രീമതി ലിജി വി.ജെ യു.പി.എസ്.റ്റി. ആയി 03/06/2024 മുതൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ മാനേജർ ശ്രീമതി ത്രേസ്യാമ്മ കെ.പി യെ 03/06/2024 മുതൽ നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം, ശ്രീമതി ലിജി വി.ജെ യുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ല എന്നതിനാൽ നിയമനത്തിന് ആധാരമായ ഒഴിവ് വ്യവസ്ഥാപിതമല്ല, മാനേജ്മെന്റിന് കീഴിൽ ഉള്ള സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല, എസ്.എസ്.എൽ.സി യോഗ്യത മാത്രമേ ആർജിച്ചിട്ടുള്ളു എന്നുള്ള നിയമിതയുടെ ഡിക്ലറേഷൻ ഹാജരാക്കിയിട്ടില്ല എന്നീ കാരണങ്ങളാൽ ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ നിരസിച്ചിരുന്നു.

റിവിഷൻ അപ്പീൽ നിരസിക്കപ്പെടാൻ ഉണ്ടായ കാരണങ്ങൾ മാറ്റമില്ലാതെ തുടരുന്നു. കൂടാതെ മാനേജ്മെന്റിൽ ഭിന്ന ശേഷി ഒഴിവിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി മേരി ഗ്രെസി രാജി വച്ച ഒഴിവിൽ മാനേജർ മറ്റൊരു ഭിന്നശേഷി നിയമനം നടത്തുവാനുള്ള നടപടികൾ മാനേജർ

സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ എഫ്.ടി.എം ആയുള്ള ശ്രീമതി ത്രേസ്യാമ്മ കെ.പി യുടെ 03/06/2024 മുതലുള്ള നിയമനം നിലവിലും പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്ത വസ്തുതകളുടെ അടിസ്ഥാനത്തിൽ ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ, ശ്രീമതി ത്രേസ്യാമ്മ കെ.പി.യുടെ 03.06.2024 മുതലുള്ള നിയമനം പരിഗണിക്കാനാവില്ല. ഹർജി നിരസിച്ച് അപ്രകാരം കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, സെന്റ് മേരീസ് ഫോറേൻ ചർച്ച് സ്കൂൾസ്, മുട്ടം, ചേർത്തല - 688 524.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല.
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/7/2026-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 18-06-2026 11:10:12

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.